ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

Acd/Special Cell/9347/2/SWS/HSE/2009. തീയതി: 17/12/2009

# സർക്കുലർ

വിഷയം : എച്ച്.എസ്.ഇ – പ്ലസ് വൺ പ്രവേശനം – സ്ക്കൂൾമാറ്റം ഉണ്ടാകുമ്പോൾ പി.റ്റി.എ ഫണ്ട് തിരികെ നൽകുന്നത് – സംബന്ധിച്ച്.

സൂചന: 13/11/2009 ലെ പൊ.വി.വ നമ്പർ 47788/യു 2/06 നമ്പർ കത്ത്.

പ്ലസ് വൺ പ്രവേശനത്തിന്ശേഷം അഡ്മിഷൻ നടപടിക്രമങ്ങൾ ഔദ്യോഗികമായി അവസാനിപ്പിക്കുന്നതിന് മുൻപ് ഏതെങ്കിലും സാഹചര്യത്തിൽ സ്കൂൾമാറ്റം വാങ്ങിപ്പോകുന്ന വിദ്യാർത്ഥികൾക്ക്, അവർ നൽകിയ പി.റ്റി.എ ഫണ്ട് തിരികെ നൽകുന്നില്ല എന്ന പരാതി സർക്കാരിലും ഡയറക്ടറേറ്റിലും ധാരാളമായി ലഭിച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാർത്ഥി ഇഷ്ടപ്പെടാത്ത ഗ്രൂപ്പ്, ദൂരക്കൂടുതൽ, യാത്രാസൗകര്യം തുടങ്ങിയ പല കാരണങ്ങളാലും പ്രവേശനനടപടികൾ ഔദ്യോഗികമായി പൂർത്തിയാക്കുന്നതിന് മുൻപ് കുട്ടികൾ സ്ക്കൂൾ മാറ്റം വാങ്ങാറുണ്ട്. ഇപ്രകാരം സ്കൂൾ മാറ്റം വാങ്ങുന്ന വിദ്യാർത്ഥി ആദ്യം പ്രവേശനം നേടിയ സ്ക്കൂളിൽ പഠനം തുടരാത്ത സാഹചര്യത്തിൽ ആ സ്ക്കൂളിൽ പി.ടി.എ ഫണ്ട് നൽകേണ്ടതില്ല.

സൂചന കത്ത് പ്രകാരം ഇക്കാര്യത്തിൽ ഒരു പൊതുനിർദ്ദേശം എല്ലാ പ്രിൻസിപ്പൽമാർക്കും നൽകണമെന്ന് സർക്കാർ നിർദ്ദേശിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ എല്ലാ ഹയർസെക്കന്ററി പ്രിൻസിപ്പൽമാരും താഴെപ്പറയുന്ന നിർദ്ദേശം നടപ്പിലാക്കി പി.റ്റി.എ ഫണ്ട് സംബന്ധിച്ച പരാതി ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്ലസ് വൺ പ്രവേശനം നേടി ഏതെങ്കിലും സാഹചര്യത്തിൽ പ്രവേശനനടപടി ഔദ്യോഗികമായി പൂർത്തിയാകുന്നതിന് മുൻപ് സ്ക്കൂൾമാറ്റം ഉണ്ടായാൽ പി.റ്റി.എ ഫണ്ടിലേക്ക് രക്ഷിതാവ് ഒടുക്കിയ തുക തിരികെ നൽകേണ്ടതാണ്. ഇതിനായി രക്ഷകർത്താവിന്റെ അപേക്ഷ പി.റ്റി.എ എക്സിക്യൂട്ടീവ് കമ്മറ്റിയിൽ ചർച്ച ചെയ്യുകയും കമ്മറ്റിയുടെ അനുവാദത്തോടുകൂടി തുക തിരികെ നൽകുകയും വേണം.

ഡയറക്ടർ

പകർപ്പ്:

1. എല്ലാ ഗവൺമെന്റ്/എയിഡഡ് ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും
2. സെക്രട്ടറി, പൊതുവിദ്യാഭ്യാസ (യു) വകുപ്പ് (for information)
3. ഹയർസെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ